**15 -ാം കേരള നിയമസഭ**

**12 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 160** **14-10-2024 - ൽ മറുപടിയ്ക്ക്**

**മുഖ്യമന്ത്രിയുടെ അഭിമുഖം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ ,<br>ശ്രീ. അൻവർ സാദത്ത് ,<br>ശ്രീ. ചാണ്ടി ഉമ്മൻ,<br>ശ്രീ. ടി. ജെ. വിനോദ് | | ശ്രീ. പിണറായി വിജയൻ<br>(മുഖ്യമന്ത്രി) | |
| (എ) | മുഖ്യമന്ത്രിയുടെ പ്രതിച്ഛായ വർദ്ധിപ്പിക്കുന്നതിനായി പി.ആർ. ഏജൻസികൾ മുഖേന പ്രചാരണം സംഘടിപ്പിക്കാൻ തീരുമാനിച്ചിട്ടുണ്ടോ; എങ്കിൽ ഏതൊക്കെ പി.ആർ. ഏജൻസികളെയാണ് ചുമതലപ്പെടുത്തിയിട്ടുള്ളതെന്ന് വ്യക്തമാക്കുമോ; | (എ) | ജനങ്ങളുടെ ജീവിത നിലവാരത്തിലും സാമൂഹ്യപുരോഗതിയിലും രാജ്യത്ത് ഏറ്റവും മുൻനിരയിൽ നിൽക്കുന്ന സംസ്ഥാനങ്ങളിൽ ഒന്നാണ് കേരളം. 2016-21 കാലയളവിലും നിലവിലെ സർക്കാരിന്റെ കാലയളവിലും കേന്ദ്ര സർക്കാരും വ്യത്യസ്ത ഏജൻസികളും സംസ്ഥാനത്തിന് വിവിധ മേഖലകളിൽ നൽകിയ അംഗീകാരങ്ങൾ അനേകമാണ്. വികസന-ക്ഷേമരംഗങ്ങളിലെ സർക്കാരിന്റെ മികച്ച പ്രവർത്തന ഫലമായി ലഭിച്ച ഇത്തരം അംഗീകാരങ്ങൾ കേരളത്തിന്റെ മികവ് ലോകത്തിനു മുന്നിൽ തെളിയിക്കാൻ പര്യാപ്തവുമാണ്.<br><br>മതനിരപേക്ഷതയും സമാധാനവും പുലരുന്ന നാട് എന്ന നിലയ്ക്ക് കേരളം വർഗീയശക്തികളുടെ എക്കാലത്തെയും ആക്രമണലക്ഷ്യമാണ്. അത്തരം ആക്രമണങ്ങളെ നമ്മുടെ നവോത്ഥാന പാരമ്പര്യത്തെ ചൂണ്ടിക്കാട്ടിയും മതനിരപേക്ഷതയുടെ കൊടി ഉയർത്തിപ്പിടിച്ചുമാണ് നാട് നേരിടുന്നത്. ഇങ്ങനെ നേരിടാനും നാടിന്റെ യശസ്സ് ഉയർത്തിപ്പിടിക്കാനും ഒരു പി. ആർ ഏജൻസിയുടെയും സഹായം ഒരിക്കലും വേണ്ടി വന്നിട്ടില്ല. ഇടതുപക്ഷ ജനാധിപത്യ മുന്നണി സർക്കാരിന്റെയും അതിന്റെ നേതൃത്വത്തിന്റെയും പ്രചാരണം ജനങ്ങൾ സ്വയമേവ ഏറ്റെടുക്കുകയാണ് ഉണ്ടായത്. കേരളത്തിനെതിരായ കുപ്രചാരണങ്ങൾക്കെതിരെ രാജ്യവ്യാപകമായി മതനിരപേക്ഷ പുരോഗമനശക്തികൾ അണിനിരക്കുന്ന അനുഭവമാണ് ഉള്ളത്. പ്രവർത്തന മികവിന് ഏറ്റവും ഉയർന്ന അംഗീകാരമാണ് ജനങ്ങൾ സർക്കാരിന് നൽകിയിട്ടുള്ളത്. ജനങ്ങളാകെ അംഗീകരിച്ച ഈ നയം തുടരുകതന്നെ ചെയ്യും. സർക്കാരിന്റെ വികസനവും ക്ഷേമവും സംബന്ധിച്ച |

| | | | |
|---|---|---|---|
| | | | വാർത്തകളും വിവരങ്ങളും ജനങ്ങളിലേയ്ക്ക് എത്തിക്കാൻ കാര്യക്ഷമമായി പ്രവർത്തിക്കുന്ന സംവിധാനമാണ് സർക്കാരിന്റെ ഇൻഫർമേഷൻ ആന്റ് പബ്ലിക് റിലേഷൻസ് വകുപ്പിനുള്ളത്. ഏതെങ്കിലും ഒരു പി. ആർ ഏജൻസിയെ അതിനായി ചുമതലപ്പെടുത്തിയിട്ടില്ല. |
| (ബി) | 2024 സെപ്റ്റംബർ 29ന് ഡൽഹി കേരള ഹൗസിൽ വച്ച് മുഖ്യമന്ത്രി 'ദി ഹിന്ദു' ദിനപത്രത്തിന് നൽകിയ അഭിമുഖം പി.ആർ. ഏജൻസി മുഖേന നടത്തിയതാണോ; എങ്കിൽ ഏത് ഏജൻസിയാണെന്ന് അറിയിക്കാമോ; | (ബി) | 'ദി ഹിന്ദു' പത്രത്തിന്റെ പ്രതിനിധിക്കാണ് അഭിമുഖം നൽകിയത്. |
| (സി) | പ്രസ്തുത അഭിമുഖം നടന്ന സ്ഥലത്ത് പി.ആർ. ഏജൻസികളുടെ പ്രതിനിധികൾ സന്നിഹിതരായിരുന്നോ; മുഖ്യമന്ത്രിയെയും പത്രപ്രതിനിധിയെയും കൂടാതെ ആരൊക്കെയാണ് ഉണ്ടായിരുന്നതെന്ന് വ്യക്തമാക്കുമോ; | (സി) | അഭിമുഖം നടത്തുന്നതിന് ഒരു പി.ആർ ഏജൻസിയെയും സർക്കാർ ചുമതലപ്പെടുത്തിയിട്ടില്ലാത്തതിനാൽ ബാധകമല്ല. |
| (ഡി) | സ്വർണ്ണ കള്ളക്കടത്തുമായി ബന്ധപ്പെടുത്തി മലപ്പുറം ജില്ലയെ സംബന്ധിക്കുന്ന എന്തെങ്കിലും പരാമർശം പ്രസ്തുത അഭിമുഖത്തിൽ മുഖ്യമന്ത്രി നടത്തിയിട്ടുണ്ടോ; ഇല്ലെങ്കിൽ മുഖ്യമന്ത്രിയുടെ പേരിൽ അത്തരമൊരു പ്രസ്താവന അഭിമുഖത്തിൽ ഉൾപ്പെടുത്താൻ ആവശ്യപ്പെട്ടതായി 'ദി ഹിന്ദു' ദിനപത്രം വെളിപ്പെടുത്തിയ പി.ആർ. ഏജൻസിക്കും ആയത് പ്രസിദ്ധീകരിച്ച പ്രസ്തുത ദിനപത്രത്തിനും എതിരെ എന്തൊക്കെ നടപടി സ്വീകരിച്ചിട്ടുണ്ട്; വ്യക്തമാക്കുമോ? | (ഡി) | മുഖ്യമന്ത്രി നൽകിയ അഭിമുഖത്തിൽ അത്തരമൊരു പരാർശം നടത്തിയിട്ടില്ല. പരാമർശം നടത്തിയില്ലെന്ന കാര്യം വ്യക്തമാക്കി 'ദി ഹിന്ദു' തങ്ങൾ നൽകിയ വാർത്തയ്ക്ക് തിരുത്ത് നൽകുകയും ഖേദം പ്രകടിപ്പിക്കുകയും ചെയ്തിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ